ഉത്തരം

(എ) തെങ്ങ്, കമുക്, കശുമാവ്, കുരുമുളക്, ജാതി, ഒട്ടുപ്ലാവ്, സപ്പോട്ട, മാവ്, വിവിധയിനം അലങ്കാരച്ചെടികൾ, വാഴ, കൈതച്ചക്ക എന്നിവയുടെ നടീൽ വസ്തുക്കൾ, തേക്ക്, മാഞ്ചിയം എന്നീ വൃക്ഷ തൈകൾ, പാവൽ, പടവലം, ചീര, വെണ്ട, വെള്ളരി, മുളക്, പയർ എന്നീ മലക്കറി വിത്തുകൾ എന്നിവ സർവകലാശാലയുടെ വിവിധ ഔട്ട് ലറ്റുകളിൽ നിന്നും വിതരണം ചെയ്യുന്നുണ്ട്.

(ബി) സർവകലാശാലയിലെ ഗവേഷണ കേന്ദ്രങ്ങളിൽ ഉള്ള തെരഞ്ഞെടുക്കപ്പെട്ട മാതൃ വൃക്ഷങ്ങളിൽ നിന്നും ബന്ധപ്പെട്ട സാങ്കേതിക വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ നടീൽ വസ്തുക്കൾ ഉണ്ടാക്കുകയും ശേഖരിക്കുകയുമാണ് ചെയ്യുന്നത്. ചില പ്രത്യേക സാഹചര്യങ്ങളിൽ കൃഷിക്കാരുടെ കൃഷിയിടങ്ങളിൽനിന്നും ഗുണനിലവാരം ഉറപ്പുവരുത്തി സാങ്കേതിക വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന മാതൃ വൃക്ഷങ്ങളിൽ നിന്നും നടീൽ വസ്തുക്കൾ ശേഖരിച്ചു വരുന്നുണ്ട്.

(സി, ഡി) ഇല്ല.

(ഇ) രണ്ടു ലക്ഷം തെങ്ങിൻതൈകളും 43000 കമുകിൻ തൈകളും 1.22 ലക്ഷം ജാതി തൈകളും വിറ്റഴിയാനുണ്ട്. കാലാകാലങ്ങളിൽ ഇവയുടെ വിലയിൽ വ്യത്യാസം വരുന്നതുകൊണ്ട് ഇവയുടെ മൊത്തം മൂല്യം കണക്കാക്കിയിട്ടില്ല. ഇവ വിറ്റഴിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(എഫ്) ഇല്ല.

(ജി) ഉദിക്കുന്നില്ല.

(എച്ച്) മംഗളാ അടയ്ക്കാ തൈകൾ കാർഷിക സർവകലാശാലയിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം അംഗീകരിച്ച അടയ്ക്കാ തോട്ടത്തിൽ നിന്ന് വിത്തടയ്ക്ക വാങ്ങി തൈകൾ ഉൽപ്പാദിപ്പിച്ച് ശാസ്ത്രീയമായി തെരഞ്ഞെടുത്ത് കൃഷിക്കാർക്ക് വിൽക്കുന്നുണ്ട്. തൈകൾ സഹകാര്യ നഴ്സറിയിൽ നിന്നു നേരിട്ടു വാങ്ങുന്നില്ല.

(ഐ, ജെ) ചോദ്യം ഉദിക്കുന്നില്ല.

കൃഷി ഫാമുകൾ

2 [1923] ശ്രീമതി ശോഭനാ ജോർജ്ജ്:
ശ്രീ. പാലോട് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൃഷി വകുപ്പുവക എത്ര കൃഷി ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) അവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര കൃഷി ഫാമുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 1991 ജൂണിനുശേഷം സംസ്ഥാനത്തെ കൃഷി ഫാമുകളിൽ പുതിയതായി സ്ഥിരം തൊഴിലാളികളെ നിയമിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ പണിയെടുക്കുന്ന 1990-ന് ശേഷം സ്ഥിരപ്പെടുത്തിയ തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം പിടിക്കുന്നില്ല എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ പ്രസ്തുത വിഹിതം പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 61 ഫാമുകൾ.

(ബി) 1994-95-ലെ കണക്കനുസരിച്ച് കാസർഗോഡ് കാഷ്യൂ ഓർച്ചാർഡ് ഫാം മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. കൃഷി ഫാമുകൾ കേവലം ലാഭേഛയോടുകൂടിയല്ല പ്രവർത്തിക്കുന്നത്. ഫാമുകൾ ഗുണമേൻമയുള്ള വിത്തിനങ്ങളും മറ്റ് നടീൽ വസ്തുക്കളും ഉല്പാദിപ്പിച്ച് ന്യായമായ വിലയ്ക്കും സൗജന്യ നിരക്കിലും വിതരണം ചെയ്യുകയും ആധുനിക കൃഷി രീതികൾ കർഷകർക്ക് പരിചയപ്പെടുത്തി കൊടുക്കുകയും ചെയ്യുന്ന മാതൃകാ കൃഷി തോട്ടങ്ങളാണ്.

(സി, ഡി) പുതിയതായി സ്ഥിരം തൊഴിലാളികളെ നിയമിച്ചിട്ടില്ല. മുൻവർഷം 240 ദിവസം പൂർത്തിയാക്കിയ കാഷ്വൽ തൊഴിലാളികളെ അതാതു ഫാമുകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തി വരുന്നുണ്ട്.

(ഇ) ഉണ്ട്.

(എഫ്) നടപടി സ്വീകരിച്ചു വരുന്നു.

രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റാൻ പദ്ധതി

3 [1924] ശ്രീ. എൻ. രാജൻ:
,, ഇ. രാജേന്ദ്രൻ:
,, എം. നാരായണൻ (ഹോസ്ദുർഗ്):
,, സത്യൻ മൊകേരി:

* പ്രൊ. മീനാക്ഷി തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റി പകരം പുതിയ മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ ഇതുവരെ എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനകം സംസ്ഥാനത്ത് എത്ര തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ട്; പകരം എത്ര തൈകൾ വച്ച് പിടിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly